വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

211 (277) വൃദ്ധജന സംരക്ഷണ നിയമം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "വൃദ്ധജനസംരക്ഷണ നിയമം" കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വൃദ്ധസദനങ്ങളുടെ പ്രവർത്തനം പരിഹരിക്കുന്നതിന് ഐ.എം.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) വാർധക്യകാല പെൻഷൻ പദ്ധതിക്കുവേണ്ടി 1998-99 വർഷം കേന്ദ്ര വിഹിതം അനുവദിച്ചിരുന്നുവോ; എങ്കിൽ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതുമൂലം തുക ലാപ്സായി പോകാനിടയായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) നടപ്പുവർഷം ഇപ്രകാരം തുക ലാപ്സായി പോകുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 'വൃദ്ധനയം' സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

(സി)&(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് പോരായ്മകൾ ദൂരീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി ഐ.എം.ജി. യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ വൃദ്ധസദനങ്ങളും ഉൾപ്പെടും. 1,85,000 രൂപ (ഒരു ലക്ഷത്തി എൺപത്തിയയ്യായിരം രൂപ മാത്രം) ഇതു സംബന്ധിച്ച ചെലവിലേക്കായി അനുവദിച്ചിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഇ)&(എഫ്) വാർധക്യകാലപെൻഷൻ പദ്ധതിക്കുവേണ്ടി 1998-99 വർഷം കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് അലോട്ടുചെയ്തിരുന്ന 1252.37 ലക്ഷം രൂപയിൽ 1026.54 ലക്ഷം രൂപ വിതരണം ചെയ്തു. മുൻവർഷത്തെ നീക്കിയിരിപ്പു തുക ഉൾപ്പെടെ രൊക്കം ഈ വകയിൽ 1243.74 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. പദ്ധതിവിഹിതം പൂർണ്ണമായും അനുവദിക്കാതിരുന്നത് ഗുണഭോക്താക്കളുടെ ദൗർലഭ്യംമൂലംമാത്രമല്ല. ജില്ലാകളക്ടർമാരുടെ കൈവശമുള്ള തുകയുടെ വിനിയോഗസർട്ടിഫിക്കറ്റും മുൻവർഷത്തെ ആഡിറ്റ് സർട്ടി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഫിക്കറ്റുകളും കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്താൽ മാത്രമേ കേന്ദ്രവിഹിതം അനുവദിക്കുകയുള്ളൂ. കേന്ദ്ര വിഹിതം പൂർണ്ണമായ തോതിൽ ലഭ്യമാകത്തക്കവിധം നടപടികൾ എടുക്കുന്നതിനും പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

212 (278) **എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായപാർക്ക്**

ശ്രീ. കെ. ബാബു :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ജോർജ് ജെ. മാത്യു
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിന്റെ ഭാഗമായി എവിടെയെല്ലാം ഇത്തരം പാർക്കുകൾ സ്ഥാപിച്ചു;

(ഡി) എത്ര നിയോജക മണ്ഡലങ്ങളിൽ ഇതിനാവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്;

(ഇ) സൗജന്യമായി സ്ഥലം ലഭിക്കാതെ എവിടെയെങ്കിലും ഈ സ്കീമിൽ വ്യവസായ പാർക്കുകൾ അനുവദിച്ചിട്ടുണ്ടോ;

(എഫ്) ഈ പദ്ധതി എന്ന് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(ജി) ഈ സാമ്പത്തിക വർഷം എത്ര പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്രയെണ്ണം സ്ഥാപിച്ചു; ഏതെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുപ്പത്തിയേഴ് നിയോജക മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനു വേണ്ട വാഗ്ദാനം ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ചു. ഷൊർണ്ണൂർ, അങ്കമാലി, തിരുവല്ല, തൃശ്ശൂർ, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, ചാത്തന്നൂർ, കഴക്കൂട്ടം എന്നീ മണ്ഡലങ്ങളിൽ സൗജന്യമായി സ്ഥലം ലഭിക്കുകയും പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കഴക്കൂട്ടം മണ്ഡലത്തിൽ മൺവിളയിൽ സ്ഥാപിച്ച വ്യവസായ പാർക്കിലെ സ്ഥലം പൂർണ്ണമായി വ്യവസായ സംരംഭകർക്ക് ലഭ്യമാക്കിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly